(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഫയർഫോഴ്സിന് അത്യാധുനിക ഉപകരണങ്ങളുടെ കുറവ് പല വൻദുരന്തങ്ങൾക്ക് വഴിവെയ്ക്കുന്നുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പ്ലാൻ ഫണ്ട്, ദുരന്ത നിവാരണ ഫണ്ട്, One time Additional Central Assisstance,Centrally Sponsored Scheme എന്നീ പദ്ധതികളിലായി ഈ വകുപ്പിനെ നവീകരിക്കുന്നതിന്റെ ഭാഗമായി 41.9650 കോടി രൂപ അനുവദിക്കുകയുണ്ടായി. ടി തുക, ഉപയോഗിച്ച് ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങാൻ സർക്കാർ നടപടി സ്വീകരിച്ചു. ജീവനക്കാർക്ക് നീന്തൽ, ഡൈവിംഗ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ സ്വിമ്മിംഗ് പൂൾ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയിൽ 100 ലക്ഷം രൂപ ചെലവ് ചെയ്ത് നിർമ്മിച്ചു വരുന്നു.

(ബി) 41.9650 കോടി രൂപയ്ക്ക് വകുപ്പിന്റെ നവീകരണത്തിനായി ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. കൂടാതെ സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(സി) സംസ്ഥാന പ്ലാൻ ഫണ്ട്, ദുരന്ത നിവാരണ ഫണ്ട് എന്നിവയിൽ നിന്നും 12 കോടി രൂപ ഈ വകുപ്പിന് ലഭ്യമാക്കി. ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങി വിവിധ ഫയർ ഫോഴ്സ് ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലേയ്ക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ നടപ്പു വർഷം സംസ്ഥാന പ്ലാൻ ഫണ്ട്, ദുരന്ത നിവാരണ ഫണ്ട്, One time Additional Central Assisstance, Centrally Sponsored Scheme എന്നീ പദ്ധതികളിലായി ഈ വകുപ്പിലെ അത്യാധുനിക വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും കുറവ് പരിഹരിക്കുന്നതിനായി 41.9650 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മലപ്പുറം ജില്ലയിൽ ഫയർ സ്റ്റേഷനുകളുടെ നവീകരണം

80(286) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ നിലവിലുള്ള ഫയർ സ്റ്റേഷനുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ :

(ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയപാതയിൽ അപകടം നിത്യസംഭവമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോട്ടക്കൽ കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) മലപ്പുറം ജില്ലാ ആസ്ഥാനത്തെ മുണ്ടുപറമ്പ് ഫയർ സ്റ്റേഷനിൽ പുതിയ വാഹനങ്ങളും ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധം I-*ൽ കൊടുത്തിട്ടുള്ള വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണയിലല്ല.

(ഡി) കൂടുതൽ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുമ്പോൾ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇവ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കൊയിലാണ്ടി നഗരസഭാ പ്രദേശത്ത് ഫയർ സ്റ്റേഷൻ

81(287) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നഗരസഭാ പ്രദേശത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ കൊയിലാണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും അനുസൃതമായി ടി സ്റ്റേഷൻ തുറന്നു പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പന്തളം ഫയർഫോഴ്സ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

82(288) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-04-ൽ പന്തളത്ത് ഫയർഫോഴ്സ് സ്റ്റേഷൻ അനുവദിച്ചെങ്കിലും നാളിതുവരെ കെട്ടിവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്താത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) എന്തൊക്കെ നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളത്;

* *ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly